
# MIRAGE

## RAYS OF HOPE

H.S.S. VALAYANCHIRANGRA




MIRAGE
RAYS OF HOPE
• DRAWING
• POEMS
• STORIES
• ESSAYS
• ARTICLES

H.S.S.V

# സമർപ്പണം

“ഒത്തൊരുമിച്ചാൽ
എന്തിനേയും
നേരിടാം” എന്ന്
പഠിപ്പിച്ച
കേരളജനതയ്ക്ക്........



# ആശംസകൾ

നമ്മുടെ വിദ്യാലയത്തിലെ "ലിറ്റിൽ കൈറ്റ്സ്" അണിയിച്ചൊരുക്കുന്ന ഡിജിറ്റൽ മാഗസിൻ നമ്മുടെ വിദ്യാർത്ഥികളുടെ കലയും,സാങ്കേതിക മികവും സമർത്ഥമായി സമ്മേളിക്കുന്ന ഒരിടമാണ്. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന എല്ലാ ലിറ്റിൽ കൈറ്റ്സ് കുട്ടുകാർക്കും എല്ലാ ആശംസകളും........

ജി. ആനന്ദകുമാർ
ഹെഡ്മാസ്റ്റർ
എച്. എസ്. എസ്
വളയൻചിറങ്ങര

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : അച്ചു ഷിബി

സബ് എഡിറ്റേർസ് : ആദിത്യനാരായണൻ

ജസ്സ്റ്റിൻ ജോണി

അംഗങ്ങൾ : വിഷ്ണു ബാലകൃഷ്ണൻ

ആദർശ് ടി.ജെ

നന്ദന വി.ആർ


മീനാക്ഷി രാജേഷ്

കൈറ്റ് മാസ്റ്റർ : കെ. വിനോദ്

കൈറ്റ് മിസ്സ്ട്രസ്സ് : പ്രിയ പി.നായർ

അദ്ധ്യാപകർ : പ്രധാന അദ്ധ്യാപകനും

മറ്റെല്ലാ അദ്ധ്യാപകരും



# INDEX AND CONTENTS


little KITEs.................................5

ഒറ്റക്കെട്ടായി കേരളം..........................6

കവിതകൾ.................................8

കവിതകൾ-വിവരണം.........................9

മഴ.......................................10

കാഴ്ച.....................................11

അമ്മ.....................................12

പാറിടട്ടെ പാറിടട്ടെ .......................13

എന്റെ പൊന്നമ്മ............................14

ആഴ്ചകൃഷി.................................15

എന്റെ കേരളം..............................16

മരിക്കുന്ന പുഴ..............................17

ചാടിയും ഓടിയും............................18

എങ്ങോട്ടാണീ പോകുന്നത്....................19

കരയുന്ന ഭൂമി..............................20

മണ്ണും മനുഷ്യനും............................21

കർഷകൻ..................................22

മനസ്സിന്റെ അനുരാഗംപോൽ..................23
എന്റെ വസന്തനാട്..............................24
കഥകൾ..........................................25
കഥകൾ -വിവരണം...........................26
കഴിവ്.............................................27
ഉപായവും അപായവും.........................28
ചുവപ്പ്.......................................... 29
Technology.................................30
Drawing....................................34
Drawing....................................35
Drawing....................................36

കേരള സർക്കാർ സംരംഭമായ *KITE (Kerala Infrastructure and Technology for Education)* കുട്ടികൾക്കായി നടത്തി വരുന്ന ഐ.ടി കൂട്ടായ്മയാണ് *little kites*.ഒന്നര ലക്ഷത്തോളം വിദ്യാർത്ഥികൾ സംവദിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ *ICT* കൂട്ടായ്മയാണ് *little kites*.ഐ.ടി രംഗത്ത് വിദ്യാർത്ഥികളുടെ സമഗ്ര മുന്നേറ്റമാണ് ഇത് ലക്ഷ്യമാക്കുന്നത്.ആനിമേഷൻ,പ്രോഗ്രാമിങ്ങ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ലയാളം കമ്പ്യൂട്ടിങ്ങ് എന്നീ രംഗങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. വിദഗ്ധർ നയിക്കുന്ന ക്ലാസ്സുകൾ, ശില്പശാലകൾ, ക്യാമ്പുകൾ എന്നിവ ഇതിന്റെ പ്രത്യേകതയാണ്.


#RebuildKerala
ഒറ്റക്കെട്ടായ് കേരളം

# ഒറ്റക്കെട്ടായി കേരളം

## അതിജീവനത്തിന്റെ നാളുകളിലേക്ക്

*കേരളജനതയെ മാറ്റിമറിച്ച, ഒരു വിധത്തിൽ പറഞ്ഞാൽ ഒരു സമൂഹത്തിന്റെ തന്നെ അടിത്തറ തന്നെ ഉലച്ച ഒരു സംഭവമായിരുന്നു അത്. ഇത്രയും ശാന്തിയും സമാധാനവും പൂർണ്ണമായും ഉണ്ടായിരുന്നെങ്കിലും അത്യാവശയം വേണ്ടത് ഈ നാടിന് സായത്തമായിരുന്നു.*

*20-ാം നൂറ്റാണ്ടിൽ നടന്ന ഒരു പ്രളയത്തെ കവിഞ്ഞ് കേരളീയ ജനത വേറെയൊരു പ്രകൃതിക്ഷോപത്തെ നേരിട്ടിട്ടുണ്ട് എന്ന് പറയാനാവില്ല. ഈ പ്രളയം കുറേ അധികം നാശനഷ്ടങ്ങൾ കൂടെ കൊണ്ടുവരുമന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ശക്തിയോടുള്ള മഴയോടുകൂടിയാണ് തുടങ്ങിയത്.മഴവെള്ളം താങ്ങാനാവാതെ ഡാമുകൾ തുറന്നുവിടേണ്ടിവന്നു...... പരമാർത്ഥത്തിൽ കേരളത്തിലെ രണ്ട് ജില്ലകൾ ഒഴിച്ച് ബാക്കിയെല്ലാ ജില്ലകളും വെള്ളത്തിന് അടിയില്ലായിരുന്നു, ഒരുപാട് ജീവനുകൾ ഭൂമിയിൽ നിന്ന് മാഞ്ഞുപോയി. ഭാഷ, ദേശ, മതമന്യേ എല്ലാവരും പരസ്പരം സഹായിക്കുന്ന ഒരു സന്ദർഭമാണ് നമുക്ക് കാണാൻ ഇടയായ്. അവിടെ ഹിന്ദുവോ, മുസ്ലീമോ, ക്രിസ്ത്യാനിയോ ഉണ്ടായിരുന്നില്ല. കേവലം മനുഷ്യനും അവന്റെ നന്മയും മാത്രമാണ് നമുക്ക് അവിടെ കാണാൻ കഴിഞ്ഞത്. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്ന ശ്രീ നാരായണ ഗുരുവിന്റെ ആശയം സാധൂകരിക്കുന്ന വിധത്തിലാണ് കേരളീയ ജനത ഈ മഹാ ദുരന്തത്തെ നേരിട്ടത്. "നമ്മൾ അതിജീവിക്കും" എന്ന മുദ്രാവാക്യം കൊണ്ട് ഓരോ മനുഷ്യന്റേയും മനസിനെ ഉത്തേ്യജിപ്പിച്ച് ജീവിതതതിലേക്ക് തിരിച്ചുകൊണ്ടുവരാൻ പ്രചോദനമേകി മത്സ്യതൊഴിലാളികളുടെ അകംകവിഞ്ഞ ഉപകാരവും സ്നേഹവും ഒരിക്കലും ഏതൊരു മനുഷ്യനും മറക്കാനാവില്ല. അങ്ങനെ അവർ നമ്മുടെ നാടിന്റെ താരങ്ങളായി മാറി. മലവെള്ളം പാഞ്ഞ് വന്നപ്പോൾ ഒരു പിഞ്ചുകുഞ്ഞിനെ എടുത്തുകൊണ്ടുപോയാളും, മറ്റുള്ളവർക്ക് വേണ്ടി പുറം കുനിച്ച് നിന്നവരും അങ്ങനെ എത്ര എത്ര പേർ..... അങ്ങനെ എല്ലാവരും ഒന്നിച്ചുനിന്ന് മഹാപ്രളയത്തെ അതിജീവിച്ചു.....*

.

**നന്ദന സദാനന്ദൻ**


കവിതകൾ

# കവിതകൾ

കവിതകൾ ഒരു വ്യക്തിയുടെ
സർഗ്ഗാത്മക ബോധത്തെ
മനസ്സിലാക്കാൻ
സാധിക്കുന്നു.
ഈ വിഭാഗം കവിതകൾ
പ്രകൃതിയേയും
വിദ്യാലയത്തേയും
കുറിച്ച് ഉൾക്കൊള്ളുന്നു........

# മഴ

മഴ മഴ എന്തൊരുമഴ
തുള്ളി തുള്ളിയായ് വീഴും മഴ
കള കള ശബ്ദം കേക്കും നേരം
എന്തു രസമാണ് മഴ കാണാൻ
മഴ മഴ എന്തൊരുമഴ
തോരാതെ പെയ്യുന്നൊരു മഴ
അഴകുള്ളൊരു പവിഴമഴ
മുത്തുപൊഴിക്കും മുത്തുമഴ

സനിക വിനോദ്

H.S.S.V

# കാഴ്ച



നിലാവില്ലാത്ത രാത്രി
ഞാൻ ഏകനായ് ഇരുന്നപ്പോൾ
എൻ മുന്നിൽ പ്രത്യക്ഷനായ്
ഇരുട്ടു മാത്രം
എത്രയോ കാഴ്ചകൾ
മിന്നി മറയുന്നു
ഓരോ നിമിഷവും
എൻ മുന്നിലൂടേ
കാട് പൂവ് വള്ളി എല്ലാം
എത്രയോ സുന്ദരം
കാഴ്ചകൾ കാണാൻ...

മേഹ ബിനോയ്

H.S.S.V

# അമ്മ

അമ്മയല്ലേ പോറ്റിയില്ലേ
ഉമ്മനൽകി കാത്തതല്ലേ
ഇടറുന്ന ഈണമാണമ്മ
പതറാത്ത പദമാണമ്മ
ഹൃദയം തുളഞ്ഞൊരാനോവിൽ
മുനയറ്റ് തളരുന്നൊരമ്മ
അമ്മിഞ്ഞക്കാലം മുതൽക്കേ
മാറത്തുചേർത്തൊരെൻ അമ്മ
ഹൃദയാങ്കണം വിണ്ടുകീറി ധന്യ-
മാലാഖയാണെന്നമ്മ......

കൃഷ്ണപ്രിയ
12

# പാറിടട്ടെ പാറിടട്ടെ

പാറിടെട്ടെ പാറിടെട്ടെ
മൂന്നിറക്കൊടി
ഒരുമയാർന്നാ പെരുമാർന്ന
നാട്ടിതിൻ കൊടി !
ഭാരതത്തിനരുമ മക്കൾ
പേറിടും കൊടി
വീരഗാഥ പാടിടുന്ന
ധീരമാം കൊടി
പുത്താനാം പ്രതീക്ഷകൾ
വിളങ്ങിടും കൊടി
എന്നും മെന്റെ ജീവനിൽ
തിളങ്ങിടും കൊടി
പാറിടട്ടെ പാറിടട്ടെ മൂന്നിറക്കൊടി
ഒരുമയാർന്ന പെരുമയാർന്ന
നാടിതിൽ കൊടി

ആതിര വ

# എന്റെ പൊന്നമ്മ

ഈ ഭുവിലെന്നും എനിക്കേറ്റവും
പ്രിയമുള്ളതാണെ യമമ
എൻചിരികാണാനായെന്നമ്മതൻ
ജീവിതമെനിക്കായ് മാറ്റിവെച്ച
എന്നുള്ളിലെന്നും വെളിച്ചം നൽകി
എന്നേനേർവഴിക്കുനടത്തമെന്റെ യമ്മ

എനിക്കായ് അച്ഛനോട് വാദിച്ച്

എന്നാഗ്രാഹംനടത്തിത്തരുമെന്റെ
എന്നുള്ളിലെന്നു അമൃതായ് നിറയും
നിർവ്യാജ സ്നേഹത്തിനുടമയാണെൻ
യമ്മ
വാത്സല്യമായും ചങ്ങാത്തമായും
എൻ മനസ്സിൽ നിറയുംമെന്റെയമ്മ
മറക്കില്ലൊരിക്കലുമിനി
മറക്കില്ലൊരിക്കലുമിനി
ഇനി എൻ മനസ്സിൽ
നീ മാത്രം....................

(devika dileep)

# ആദ്യകൃഷി

ഞാറുനട്ടിടുവാൻ
വന്നതാരാ.......?
ഞായറമ്മാവനാ കൂട്ടുകാരേ!
കൊത്തിക്കിളക്കുവാൻ
വന്നതാരാ!
തിങ്കളമ്മാവനാ കൂട്ടുകാരേ!
വളമിട്ടീടുവാൻ വന്നതാരാ?
ചൊവ്വയമ്മാവനാ കൂട്ടുകാരേ
കളപറിച്ചീടുവാൻ
വന്നാതാരാ !
ബുധനമ്മാവനാ കൂട്ടുകാരേ

KARTHIKA

# എന്റെ കേരളം

വെള്ളികരയിട്ട മരതക
മണ്ണിൽ മകുടമായി വിളങ്ങും
ലാവണ്യമായി
മനശ്ശാന്തിതരും
മമ ജന്മ നാടേ മനോഹരി

പച്ചപട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപേലെസഠഖ്യം
ശീതളമാമലഞ്ഞൊറിയിളകും
കോമളനദികളുമീറൻതടങ്ങളും

# മരിക്കുന്ന പുഴ

മരണം, ഞാൻ കാത്തിരിക്കുകയാണ്.......
പടുവൃദ്ധയായ പുഴ കേഴുന്നു, മർത്യ
മരണം , ഞാൻ കാത്തിരിക്കയാണ്
നീ എൻ ചിതയൊരുക്കുക...
എൻ ചുടുരക്തമൂറ്റിക്കുടിച്ചുൻമാദിച്ചോൻ
എൻ മണലൂറ്റിയെന്നെ നശിപ്പിച്ചോൻ
മർത്യാ... നീ എൻ ചിതയൊരുക്കുകാ...

എന്നിലെ ജലമൂറ്റി, വളമൂറ്റിയെന്നെ നീ
മതിലുകൾകെട്ടിത്തളച്ചോൻ
എന്നിൽ വിഷം ചേർത്തു നിൻ നിർവൃതിക്കായ്
എന്നിലെ നീരൂറ്റി വിറ്റോൻ.....
മർത്യാ...നീ എൻ ചിതയൊരുക്കുക

രാജേശ്വരി രാജേഷ്

# ചാടിയും ഓടിയും

BASIL ELDHOSE

ജീവിക തന്നുടെ സഞ്ചാരം
പലവിധമാണേ കുഞ്ഞൂട്ടാ

"കേൾക്കട്ടേ ഞാനാമ്മവാ
എല്ലാമൊന്നു പറഞ്ഞുതരു"

"പൂർകളും പറവകളും
പറന്നു നിങ്ങും താളത്തിൽ"

താറാവുകളും മീനുകളും
നീന്തിനടക്കും വെള്ളത്തിൽ

മുയലും തവളേം കങ്കാരും
ചാടിപ്പോകും ചന്തത്തിൽ

നായും നരിയും കുതിരകളും
കുതിച്ചുപായും വേഗത്തിൽ

# എങ്ങോട്ടാണി പോകുന്നേ ?

അണ്ണാൻ കുഞ്ഞേ അണ്ണാൻ
കുഞ്ഞേ
എങ്ങോട്ടാണി പോകുന്നേ ?
അങ്ങേക്കാട്ടിലെ
മുത്തശ്ശിമാവിലെ
മാമ്പാഴമുണ്ണാൻപോകുന്ന
പൂമ്പാറ്റകളെ പൂമ്പാറ്റകളെ
എങ്ങോട്ടാണി പോകുന്നേ ?
പള്ളിക്കാട്ടിലെ പൂവിൽനിന്നും
പൂന്തേൻ നുകാരാൻ പോകുന്നു
പച്ചത്തത്തേ പാറും തത്തേ
എങ്ങോട്ടാണി പോകുന്നേ ?
കൂട്ടിൽ കിടക്കും കുഞ്ഞുങ്ങൾ
കനിരുകൾ കൊത്താൻ
പോകുന്നു

രാജേശ്വരി രാജേഷ്



# കരയുന്ന ഭൂമി

വന്ദനം മാതൃപാദത്തിലായിരം
വന്ദനം ദേവി ധാത്രി മനോജ്ഞേ
നിന്റെ സ്തന്യം നുകർന്നോരോ
മാനവൻ
പിന്നെ ചോര കുടിച്ചു കൊഴുക്കുന്നു
പക്ഷമേതും മുളക്കാത്ത കുഞ്ഞിളം
പക്ഷികൾ
ഇന്ന് ജീവിത സ്വപ്നങ്ങൾ പേറിയും
നീലവാനിന് പറന്നു നടക്കുവാൻ
കാത്തു
കാത്തിരിക്കുന്നതങ്ങോർക്കാതെ
തമ്മിൽ തച്ചു തകർന്ന ഉരുക്കുപോൽ
കശ്മലരിവൻ കാട്ടുമുടിക്കുന്നു
നിന്റെ ഓമന കാന്തിക്കു നാശമായ്
നിന്റെ ഭംഗികൾ പൊയ്പ്പോയി
നീ വൃദ്ധയായിത്തീർന്നു പൊട്ടുന്നനെ

# മണ്ണും മനുഷ്യനും

എത്ര മനോഹരമാം കേരളം
ദൈവത്തിന്റെ സ്വന്തം നാട്
പച്ചപ്പടർപ്പുകൾ വിരിച്ചിരിക്കുന്ന
നമ്മുടെ നാട്
മണ്ണിന്റെ മണമുള്ള നാട്
ഇപ്പോൾ ഇതാ നമ്മുടെ കേരളം
മലിന-
മായിക്കൊണ്ടിരിക്കുന്നു ദൈവത്തിന്റെ
സ്വന്തം നാട് ചെകുത്താന്റെ നാടായി
മാറിയിരിക്കുന്നു. പുതുതലമുറ
നാടിനെ വിഴുങ്ങികൊണ്ടിരിക്കുന്നു
മലകളില്ല മരങ്ങളില്ല വറ്റിവരണ്ട
പുഴകൾ മാത്രം . ഉദാഹരണം നാം
കണ്ട പ്രളയം കേരളത്തെ
ആസകലം വിഴുങ്ങിയിരിക്കുന്നു....

# കർഷകൻ

ഇന്നുമീ പുലരി പരമോന്നതം
ഞാനീ പ്രകൃതിതന്നാരാധകൻ
സ്വച്ഛം സുന്ദരം കാർമേഘജാലകം
അതിലായിരം മിഴികളായ്,
കതിരവനൊളിയൊഴിയവെ
അതിലെന്നുള്ളം കുളിർക്കേ
ചടുലമായി മെയ് മറന്നി മണ്ണിൽ
സ്നേഹമലിയിക്കുന്നു കർഷകൻ
ഇനിയുമീ മണ്ണിൽ ജനിക്കുമുണ്ണികളെ
നാവിലലിയാൻ രുചിഭേദമായി
അവർതൻ ഹൃദയനടനം
സ്നേഹ പുഞ്ചിരിയാൽ വിടരുവാൻ

വിഘ്നേശ് എസ്
ബാബു

# മനസ്സിന്റെ അനുരാഗംപോൽ

ചിന്നി ചിതറിജലകണങ്ങളായി
ആഴിയിൽ വീഴുന്ന സുന്ദരിയെ......
നിന്റെ,വെള്ളിനൂലിൽ ഞാനൊന്നലിയട്ടെ
ജാലകം,എന്തോ മന്ത്രിച്ചതോ,മുരൾച്ച
മനനമായ് ശാന്തമായ് ആരെയോ തിരയുന്നു
നീ
പച്ചിലചാർത്തിൻ കാന്തിയിലൂടെ
ആഴ്ന്നിറങ്ങുന്നൊരാ ദേവതയോ
മനസ്സിന്റെ മായമറവിൽ നിന്നൊ-
രനു രാഗം പോൽ രണ്ടു തുള്ളികൾ
ഇരുളിന്റെ മറവിൽ ആലിംഗനം
ഒരു തുള്ളി
ഒരു നിമിഷം
ജനാലയിലൂടെ ജലകണങ്ങൾ
മുത്തുപൊഴിക്കവെ...
ഓർത്തുകൊള്ളട്ടെ ഓമനെ നിന്റെ ചാരുഭംഗി

# വർണ്ണപ്പകിട്ടേറിയ

# എന്റെ വസന്തനാട്

ARCHANA J NAIR

കേരംതിങ്ങുംകേരളനാട്

കേരളനാട് മലനാട്

കേരംതിങ്ങുംകേരളനാട്

കേരളനാട് മലനാട്

മലാളത്തിൽ മുങ്ങിയനാട്

കേരളനാട്

എന്നെന്നും നമ്മുടെ നാട്

നല്ലൊരുനാട് മലനാട്

H.S.S.V

# കഥകൾ

# കഥകൾ

ഈ വിഭാഗം കഥകളാണ്
സ്വന്തം സൃഷ്ടികളുടെ ഉത്തമ
ഉദാഹരണമാണ് കഥകൾ
കഥകൾ നമ്മെ പുതിയൊരു
പാഠവും അതിലെ നന്മയും
തിരിച്ചറിയാൻ
സഹായിക്കുന്നു.....

# കഴിവ്

ഭയമാണ് എല്ലാത്തിനേയും മാതാപിതാക്കളുടെ സ്നേഹത്തെപ്പോലും ആദ്യമായവർ അധികസ്നേഹം കാണിച്ചപ്പോഴാണല്ലോ എനിക്കസുഖമാണെന്ന് ഞാനറിഞ്ഞത് . ഭയത്തെയും  പരോപകരത്തേയും ഒന്നും വിശ്വസിക്കാനാവാത്ത കാലമാണിത്.പണ്ടും എനിക്ക് ഭയമായിരുന്നു;ഇരുട്ടിനെ;ജലത്തെ; ആഴമുള്ളതിനെ.......അങ്ങനെ എല്ലാത്തിനേയും എല്ലാ ഭയവും മാറ്റാൻ അമ്മയുടെ വാക്കുകൾ മാത്രം. പക്ഷെ,എനിക്കതും ലഭിച്ചിട്ടില്ലല്ലോ.ബോഡിംങ് സ്കൂളിന്റെ വരാന്തയിൽ ഞാനമ്മയെ കാത്തുനിന്നതുപോലെ മറ്റാരും കാത്തുനിന്നിട്ടുണ്ടാവില്ല.എന്നെ തേടി ആരും വന്നിട്ടില്ല അതാണ് ശരി.എല്ലാവർക്കും ഓരോ ആഗ്രഹങ്ങളുണ്ട്. ഡോക്ടറാവണം,ടീച്ചറാവണം എന്നൊക്കെ.പക്ഷെ, എന്റെ അച്ഛന്റെയുമമ്മയുടെ സ്നേഹം കിട്ടണം എന്നതാണ്.ആ ആഗ്രഹം നിറവേറാൻ ഞാനെന്ത് പഠിക്കണമെന്നെനിക്കറിയില്ല . പക്ഷെ അത് സ്നേഹമല്ല സഹതാപമാണ് .അതാണ് എന്റെ ജീവിതം.

# ഉപായവും അപായവും

ഓരു ആൽമരത്തിൽ കുറെ കൊറ്റികൾ  താമസ്സിച്ചിരുന്നു.
ആ മരത്തിൻെറ
താഴെ ഓരു പൊത്തിൽ , ഓരു കൃഷ്ണ സർപ്പവും. കൃഷ്ണ
സർപ്പം ഇടയ്ക്കിടെ ആൽമരത്തിൽ കയറും. എന്നിട്ട്
കൊറ്റിക്കുഞ്ഞുങ്ങളെ പിടിച്ചു തിന്നും.
ഇതൊരു പതിവായപ്പോൾ കൊറ്റികളെല്ലാം ഓത്തുകൂടി
അവർ സർപ്പ-
ത്തെ ഇല്ലാതാക്കാനുള്ള മാർഗം ആലോചിച്ചു

അവർ തടാകത്തിലെ തങ്ങളുടെ ഞണ്ടിനെ കൊണ്ട്
സങ്കടം ഉണർത്തിച്ചു. പ്രായസവും പക്കൊ-
തയും ഉള്ള ഞണ്ട്  തങ്ങൾക്കൊരുപായം പറഞ്ഞു
തരുമെന്നു വിചാരിച്ചു
ഞണ്ടു പറഞ്ഞു "കൂട്ടുകാരേ തടാകത്തിൽ നിന്ന് കുറേ
മത്സ്യങ്ങൾ പിടിച്ച്
താടകം മുതൽ കൃഷ്ണ സർപ്പത്തിൻെറ മാളം വരെ
ഓരോന്നായി വിതറുക. മത്സ്യ തിന്നാനെത്തുന്ന കീരി
ആൽമരച്ചുവട്ടിലെത്തി അവനെ കൊല്ലും
അങ്ങനെ നിങ്ങളുടെ ദുഃഖം മാറും

(Arjun vinod)

# ചുവപ്പ്

അവനൊരു റോസാച്ചെടി നട്ടു.ദിവസവുമതിന് വെള്ളമൊഴിച്ചു സ്നേഹവും പരിപാലനവും നൽകി.അതിലൊരു പൂവ്കാണു- വാൻ അവൻ ഏറെ ആഗ്രഹിച്ചു;ഏറെ എന്നാൽ റോസാച്ചെ- ടിക്ക് അവനോട് പ്രണയമായിരുന്നു.അവന്റെ കാലൊച്ച കേൾക്കുമ്പോഴേതന്റെ മുഴുവൻ സൌന്ദര്യവു പുറത്തെടുത്തവൾ അങ്ങനെ നിൽകും.അവളുടെ പ്രണയത്തെ അവനെ അറിയിക്കാൻ അവൾ തന്നുടെ മുഴുവൻ സ്നേഹവുമെടുത്തു അവനായ് പൂ വിരിയിച്ചു.ആ പൂവ് അവളുടെ ഹൃദയത്തെ പോലെ ചുവന്നതായിരുന്നു.പക്ഷെ,അവന്റെ പ്രണയം തുറന്നുപറയാൻ അവനാ പൂ പറിക്കും വരെയേ ആ ചുവപ്പ് നിലനിന്നുള്ളൂ.....

ആദിത്യ സി. എസ്

10.C

# ARE WE TOO MUCH RELIANT ON TECHNOLOGY

Are we too much reliant on technology?It's a good question that,question several sectors,mainly in education systems .And in now a days we are using Technologies for education purpose, working purpose etc. Many of the modern technologies are very useful to our generations. According to my ethics Technology is the system that ensures the growth, standard and life style of all the generation and it will give birth to the generation of modern and new technology. Technology is the technique used for the development from a individual to the whole world.

All the sectors like agriculture,Industry and service sectors are improving in this generation with the help of technologies. The helping hand of the industries are technologies. The government ensures the growth of education through *Sarvasiksha Abhiyan* ,Integrated child development

programme etc. By improving the facilities ,technologies, Qualities of the school. And it helps to mould a new generation that develop the nation and it enhances one,s standard of living ,skills,the position of job etc.

The Technologies adopted by the education systems helps to improve the quality of education.

Ensures the technologies know hoe to promote skills, promote job and living style and good future.

Mobile internet and Mobile Phones became a part of our life. In our day to day life 99% of our time is consumed by the mobiles. It helps us to modify our life to a heaven of technologies.

An estimated 91% of Americans have a mobile device in reach at all times. An estimated 50% mobile phone owners use their phones as their primary internet internet source. An estimated amount 18% of the time smart phone owners spend using their device is used to surf the web. Mobile web adoption is now growing 8 times faster than it was used in the 90's and early 2000's.

If we refers the technologies and Internet to the way or

path ,its destination will be in the next future. There are so many merits and demerits to the technologies. when we glance to the merits caused by the technologies there will be a huge of merits. We can poetically say that,

***"The fluctuation caused by the technology cause the destruction of the large wall."***


*A P J Abdul Kalam* was an inspiration for using technologies. And to fly with the wings of technologies. The tremendous increase in the devices are inspiring us to start a new life.

From the early human we have developed to a new generation. Its credits also goes to the newly invented technologies.


Development is the major factor that improves our daily life. But in each second of our daily life we are not addicted in technologies. We make useful technologies for our basic needs. Like a rocket our dreams and technologies fly up to the sky with a lot of wishes by believing in our destination. And we are not too much developed in the technology . But we have necessary

developments and we want more technologies too. In the ocean of life we are voyaging in the boat of technologies by using our dreams expectations and our will power. And it might be the dreams that will not let us to stop.

ANILA JOHNSON
X C








Thank
You